**മേലെഴുത്ത് നം.DHS/4682/2026-EB1, തീയതി.01-08-2026**

സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേയ്ക്കും, അനന്തര നടപടികൾക്കായി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

ആരോഗ്യവകുപ്പ് ഡയറക്ടർക്കുവേണ്ടി

Digitally signed by
Sujatha R
Date: 01-08-2026
14:59:01

"ഭരണഭാഷ- മാതൃഭാഷ"

## കേരള സർക്കാർ

### സംഗ്രഹം

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് -ആരോഗ്യ വകുപ്പ് -ജീവനക്കാര്യം -ഡോ. രാജി രാജൻ, കൺസൾട്ടന്റ് (കാർഡിയോളജി) -ജോലി ക്രമീകരണ വ്യവസ്ഥയിൽ തുടർന്ന കാലയളവ് ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### ആരോഗ്യ-കുടുംബക്ഷേമ (എ) വകുപ്പ്

സ.ഉ.(സാധാ) നം.2472/2026/H&FWD തീയതി,തിരുവനന്തപുരം, 28-07-2026

---

പരാമർശം:-

1. 07/02/2025 തീയതിയിലെ സ.ഉ.(സാധാ) നം.349/2025/H&FWD
2. 09/02/2026 തീയതിയിലെ സ.ഉ.(സാധാ) നം.571/2026/H&FWD
3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 25/02/2026 തീയതിയിലെ DHS/4682/2026-ഇ.ബി.1 നമ്പർ കത്ത്.

### ഉത്തരവ്

കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിലെ കാത്ത് ലാബിൽ ജോലിക്രമീകരണ വ്യവസ്ഥയിൽ പരാമർശം (1) പ്രകാരം നിയമിക്കപ്പെട്ടിരുന്ന കാർഡിയോളജി യോഗ്യതയുള്ള ജനറൽ മെഡിസിൻ വിഭാഗം കൺസൾട്ടന്റ് ഡോ. രാജി രാജന്റെ പ്രസ്തുത നിയമന കാലാവധി 10-02-2026 ന് അവസാനിച്ചിരുന്നുവെന്നും. എന്നാൽ, കാലാവധി ദീർഘിപ്പിച്ച് നൽകുന്നതിനായി ടിയാൻ അപേക്ഷ സമർപ്പിച്ചിരുന്നതിനാലും, ECHO, TMT തുടങ്ങിയ Cath lab കേസുകൾ പോസ്റ്റ് ചെയ്തിരുന്നതിനാലും 20-02-2026 വരെ ടിയാൻ അവിടെ സേവനത്തിൽ തുടർന്നിരുന്നു. തുടർന്ന്, പരാമർശം (2) പ്രകാരം ടിയാനെ കാർഡിയോളജി വിഭാഗം കൺസൾട്ടന്റ് ആയി കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ തന്നെ നിയമിച്ചിരുന്നു. ആയതിനാൽ, ഡോ രാജി രാജൻ അനുമതി ഇല്ലാതെ ജോലി ക്രമീകരണ വ്യവസ്ഥയിൽ തുടർന്ന 11-02-2026 മുതൽ 20-02-2026 വരെയുള്ള കാലയളവ് ക്രമീകരിച്ച് നൽകുന്നതിനായി സമർപ്പിച്ച അപേക്ഷ ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം (3) പ്രകാരം സർക്കാരിലേക്ക് ലഭ്യമാക്കിയിരുന്നു.

(2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ഡോ. രാജി രാജൻ (PEN 701838) അനുമതി ഇല്ലാതെ ജോലി ക്രമീകരണ വ്യവസ്ഥയിൽ കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിലെ കാത്ത് ലാബിൽ തുടർന്ന 11-02-2026 മുതൽ 20-02-2026 വരെയുള്ള കാലയളവ് ക്രമീകരിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബിനുരാജ് എസ്

ഡെപ്യൂട്ടി സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), എറണാകുളം, കാസർഗോഡ്.

ഡോ. രാജി രാജൻ (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന)

പ്രിസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ&ഇ), കേരള, തിരുവനന്തപുരം.

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Digitally signed by
ANUPAMA G NAIR
Date: 28-07-2026
16:44:38

സെക്ഷൻ ഓഫീസർ